# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം

4546 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ വിവിധ തലങ്ങളിലുള്ള ഗുണനിലവാര പരിശോധനയ്ക്ക് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച നിബന്ധനകൾ വിശദമാക്കുമോ;

(സി) നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലല്ല പ്രവൃത്തികൾ നടത്തിയത് എന്ന് തെളിഞ്ഞാൽ കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ക്വാളിറ്റി മാന്വൽ പ്രസിദ്ധീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് ജോലികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ലാബുകൾ</u>

4547

ശ്രീ. ഷാഫി പറമ്പിൽ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഹൈബി ഈഡൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് ജോലികളുടെ ഗുണനിലവാരം പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഗുണനിലവാര പരിശോധനാലാബുകളിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എവിടെയെല്ലാമാണ് ഇത്തരം ലാബുകൾ പ്രവർത്തിച്ചുവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി</u>

4548 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) കാലാവസ്ഥക്ക് അനുയോജ്യമായ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രവൃത്തിക്ക് ഒരു നിശ്ചിതകാലം ഗുണമേന്മ ഉറപ്പ് വരുത്താൻ കരാർ ചട്ടങ്ങളിൽ നിർദ്ദേശം ഉണ്ടാകുമോ ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

## പൊതുമരാമത്തു പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം

4549 ശ്രീ. ലൂഡി ലൂയിസ്
,, ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്തു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിലെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായി കാലതാമസം വരുത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ നിയമം പരിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ കാലതാമസം വരുത്തുന്ന കരാറുകാരിൽ നിന്ന് കരാർ പ്രകാരം പിഴ ഈടാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ വരുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

പരിഷ്കരിച്ച മാന്വലിൽ കരാറുകാരുടെ യോഗ്യത സംബന്ധിച്ച നിബന്ധനകൾ

4550 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. വി. ശിവൻകുട്ടി
,, കെ. രാധാകൃഷ്ണൻ
,, എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതാണ്ട് പൂർത്തീകരിച്ചിരുന്ന പൊതുമരാമത്ത് മാന്വൽ പരിഷ്കരണത്തിൽ ഈ സർക്കാർ കാതലായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പൊതുമരാമത്തിന്റെ പരിഷ്കരിച്ച മാന്വൽ പ്രകാരം കരാറുകാരുടെ യോഗ്യത സംബന്ധിച്ച നിബന്ധനകൾ സങ്കീർണ്ണമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ചെറുകിട കരാറുകാരെ ഇത് ഏത് തരത്തിൽ ബാധിക്കും എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത്തരത്തിൽ പുതുതായി ഉത്തരവുകൾ ഏതെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ; അറിയിക്കാമോ ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>ബിൽ തുക മാറി കിട്ടാത്തതിനാൽ കരാറുകാർക്ക് ജോലി കരാറെടുക്കാൻ തയ്യാറാവാത്തത്</u>

4551 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിൽ തുക മാറി കിട്ടാത്തതിനാൽ പൊതുമരാമത്ത് വകുപ്പിൻ കീഴിൽ ജോലി കരാറെടുക്കാൻ കരാറുകാർ തയ്യാറാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിലങ്ങ് തടിയായി നിൽക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ</u>

4552 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എം. ഹംസ
,, എളമരം കരീം
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് മറ്റ് കരാറുകാരിൽ നിന്നും വിഭിന്നമായി എന്തെല്ലാം ഇളവുകളാണ് നൽകിവരുന്നത്;

(ബി) സർക്കാർ നൽകുന്ന ഇളവുകൾ വഴി കോർപ്പറേഷന് ലഭിക്കുന്ന പ്രവൃത്തികൾ കോർപ്പറേഷൻ നേരിട്ടാണോ ചെയ്യുന്നത്; അല്ലെങ്കിൽ പ്രസ്തുത പ്രവൃത്തികൾ ആരെയാണ് ഏല്പിക്കുന്നത്;

(സി) കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സ്വകാര്യ കോൺട്രാക്ടർമാരെക്കൊണ്ടാണ് ചെയ്യിക്കുന്നതെങ്കിൽ ഇതുമൂലം കോർപ്പറേഷനുണ്ടാകുന്ന നേട്ടമെന്ത്;

(ഡി) കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രവൃത്തി സ്വകാര്യ കോൺട്രാക്ടർമാക്ക് മറിച്ചു നൽകുന്നതിൽ വൻ അഴിമതിയും സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നുണ്ടെന്ന കാര്യം പരിശോധിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തിരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ഇക്കാര്യത്തിൽ സി & എ.ജി ചൂണ്ടിക്കാണിച്ച ന്യൂനതകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

റോഡുകളുടെ വികസനത്തിന് കേന്ദ്രസഹായം

4553 ശ്രീ. എം. എ. വാഹീദ്
,, പാലോട് രവി
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ വികസനത്തിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ ;

(ബി) കേന്ദ്രസഹായം സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര റോഡുകളുടെ വികസനത്തിനാണ് ധനസഹായം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത റോഡുകളുടെ പണി എത്ര നാൾക്കകം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>റോഡ് നവീകരണത്തിനും നിർമ്മാണത്തിനുമായി സ്ഥിരം സംവിധാനം</u>

4554 ശ്രീ. ആർ. സെൽവരാജ്
'' പാലോട് രവി
'' പി. സി. വിഷ്ണുനാഥ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് നവീകരണത്തിനും നിർമ്മാണത്തിനുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവൃത്തികൾ നടത്തുവാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇതിനായി ഒരു പ്രത്യേക ഏജൻസിക്ക് രൂപം നൽകുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം അധികാരങ്ങളാണ് പ്രസ്തുത ഏജൻസിക്ക് നൽകുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഏജൻസികളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ പദ്ധതി</u>

4555 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ സവിശേഷതകൾ വിവരിക്കുമോ;

(സി) ആരുടെയെല്ലാം സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി കൂടുതൽ പ്രദേശങ്ങളിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>സ്പീഡ് പദ്ധതികൾക്ക് അനുമതി</u>

4556 ശ്രീ. വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വർക്കല കഹാർ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പീഡ് പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ അടങ്കൽ തുകകൾ എത്രയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര പദ്ധതികളാണ് ഉടൻ തുടങ്ങാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സ്പീഡ് കേരള പദ്ധതി</u>

4557 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

'സ്പീഡ് കേരള പദ്ധതിക്ക്' തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ "സ്പീഡ് കേരള പദ്ധതി"യിലുൾപ്പെടുത്തുന്ന റോഡുകൾ</u>

4558 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "സ്പീഡ് കേരള പദ്ധതി"യുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏത്ര രൂപയുടെ വികസനപദ്ധതികൾ ആണ് നടപ്പിലാക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയിൽ എത്ര റോഡുകൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്; അവ ഏതെല്ലാം;

(ഡി) പാലക്കാട് ജില്ലയിൽ നിന്നും ഏതെല്ലാം റോഡുകളാണ് "സ്പീഡ് കേരള പദ്ധതി" യിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ദേശീയപാത 17-ന്റെ വികസനം</u>

4559 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ദേശീയപാത 17-ന്റെ വികസനം സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഗ്രാമീണ റോഡുകളുടെ ഒറ്റ തവണ തീര്‍പ്പാക്കല്‍ പദ്ധതി</u>

4560 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്ത് വകുപ്പില്‍ ഗ്രാമീണ റോഡുകളുടെ ഒറ്റ തവണ തീര്‍പ്പാക്കല്‍ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയില്‍ ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികള്‍ ഏതെല്ലാം;

(ബി) 2014-2015 വര്‍ഷത്തില്‍ ഒറ്റതവണ തീര്‍പ്പാക്കല്‍ പദ്ധതിയില്‍ ഗ്രാമീണ റോഡുകള്‍ നവീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി പ്രപ്പോസല്‍ തയ്യാറാക്കുന്നതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ; നിയമസഭാ സമാജികരില്‍ നിന്ന് ശുപാര്‍ശ വാങ്ങിയാണോ പ്രയോറിറ്റി നിശ്ചയിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>വഴിയോര വിശ്രമ കേന്ദ്രങ്ങൾ</u>

4561 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത, മെയിൻസെൻട്രൽ റോഡ് എന്നിവയുടെ ഓരങ്ങളിലെ സൗകര്യപ്രദമായ സ്ഥലങ്ങളിൽ വഴിയോരവിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായുള്ള പദ്ധതിക്ക് രൂപം നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സഥലങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുംവിധം പദ്ധതി പുരോഗമിപ്പിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>റോഡ് വികസന പദ്ധതി</u>

4562 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന കേരള റോഡ് വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ എത്ര കിലോമീറ്റർ റോഡുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ശബരിമല പാതകളുടെ പുനരുദ്ധാരണം</u>

4563 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്കുള്ള ഏതൊക്കെ പാതകളാണ് ബി.എം. & ബി.സി നിലവാരത്തിൽ പുനരുദ്ധരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര തുക വീതമാണ് ഓരോ റോഡിനും അനുവദിച്ചിട്ടുള്ളതെന്നും ഓരോ റോഡിന്റെയും നിർമ്മാണ പുരോഗതിയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണജോലികൾക്ക് എന്തെങ്കിലും തടസ്സം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) തടസ്സം പരിഹരിച്ച് പണികൾ മുമ്പോട്ടുപോകാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ഇ) ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള ശബരിമല അനുബന്ധ റോഡുകളിൽ ബി.എം& ബി.സി നിലവാരത്തിൽ ടാറിംഗ് നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എഫ്) എത്ര റോഡുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; ഓരോ റോഡിനും അനുവദിച്ചിട്ടുള്ള തുക പ്രത്യേകം വ്യക്തമാക്കാമോ; നിർമ്മാണ നടപടികൾ ഏതുഘട്ടം വരെയായെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ഞാറക്കൽ, വലിയവട്ടം ദ്വീപിലെ റോഡ്, കൾവർട്ട് എന്നിവയുടെ നിർമ്മാണം

4564 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ, വലിയവട്ടം ദ്വീപിലെ റോഡ്, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകിയതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണപ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>മണ്ണൂത്തി - ഇടപ്പള്ളി എൻ.എച്ച് 47-ലെ അനുബന്ധ പണികൾ</u>

4565 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണൂത്തി-ഇടപ്പള്ളി എൻ.എച്ച് 47-ലെ അനുബന്ധപണികൾ പൂർത്തീകരിക്കാമെന്ന് എൻ.എച്ച് അധികൃതർ ഉറപ്പു നൽകിയിട്ടുണ്ടോ;

(ബി) സ്ട്രീറ്റ്ലൈറ്റുകൾ പോലും പൂർത്തീകരിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എൻ.എച്ച് അധികൃതർ ഉറപ്പ് നൽകിയ പണികൾ എത്രയുംവേഗം പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ റോഡ് സുരക്ഷാനടപടികൾ</u>

4566 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ 30 കി.മി. റോഡിന്റെ സുരക്ഷക്കായി 22 കോടി രൂപയുടെ ഭരണാനുമതി നൽകിയതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് റോഡ് സുരക്ഷ നടപടികൾക്കായി കിലോ മീറ്ററിന് എത്ര രൂപ വീതമാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയിലെ റോഡിന്റെ സുരക്ഷാനടപടികളുടെ ജോലി എത് ഏജൻസിയ്ക്കാണ് നൽകിയിരിക്കുന്നതെന്നും ഈ ജോലി പരസ്യ ടെണ്ടറിന് വിധേയമാക്കിയിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ജോലിയ്ക്ക് ഇത്രയും തുക അനുവദിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>തലശ്ശേരി -വളവുപാറ റോഡിന്റെ നവീകരണം</u>

4567 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി പദ്ധതിയിൽപെടുത്തി നവീകരണ പ്രവൃത്തി നടക്കുന്ന തലശ്ശേരി -വളവുപാറ റോഡിന്റെ പ്രവൃത്തി പൂർത്തികരണത്തിനുള്ള കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കുമോ;

(ബി) നിശ്ചിത സമയത്തിനുള്ളിൽ റോഡിന്റെയും പാലങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡിലെ ഇരിട്ടി, കൂട്ടുപുഴ പാലങ്ങൾ സമയബന്ധിതമായി പുനർ നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>തവനൂർ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ച റോഡുകൾ</u>

4568 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ തവനൂർ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ച റോഡുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും എന്നത്തേക്ക് പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>തവനൂർ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾക്ക് ഒറ്റത്തവണ നന്നാക്കൽ പദ്ധതി</u>

4569 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തവനൂർ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾക്ക് ഒറ്റത്തവണ നന്നാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ റോഡുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഏതെല്ലാം റോഡുകളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത റോഡുകളുടെ നിർമ്മാണം ഏതുവരെയായി എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ചെറുതാഴം - കുറ്റൂർ - പെരിങ്ങോം റോഡ്

4570 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുതാഴം - കുറ്റൂർ - പെരിങ്ങോം റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പൂർണ്ണമായും ബി.എം & ബി.സി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>മഴയിലും കാറ്റിലും മരങ്ങൾ വീഴുന്നതുമൂലമുണ്ടായ അപകടങ്ങൾ</u>

4571 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളിൽ കനത്ത മഴയിലും കാറ്റിലും മരങ്ങൾ കടപുഴകി വീണ് എത്ര അപകടങ്ങൾ ഈ വർഷം റിപ്പോർട്ട് ചെയ്തുവെന്ന് അറിയിക്കാമോ;

(ബി) ഇതുമൂലം ഉണ്ടായ നാശനഷ്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) മരങ്ങൾ കടപുഴകി വീഴുന്നത് ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ;

(ഡി) വിവിധ വകുപ്പുകളുടെ സഹായത്തോടെ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

**കിളിമാനൂർ - മടവൂർ - പഴയകുന്നുമ്മേൽ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിക്കായി റോഡ് കട്ടിംഗിന് അനുമതി**

4572 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ - മടവൂർ - പഴയകുന്നുമ്മേൽ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി എം. സി. റോഡിൽ കാരേറ്റ് മുതൽ തട്ടത്തുമലവരെ പൈപ്പിടുന്നതിന് കെ.എസ്.ടി.പി. കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് കട്ടിംഗ് അനുമതിയ്ക്കായി കേരള വാട്ടർ അതോറിറ്റി കെ.എസ്. ടി.പി. എസ്റ്റിമേറ്റ് പ്രകാരമുള്ള 5.17 കോടി രൂപ 12.05.2014-ൽ കെ.എസ്. ടി.പി.യിൽ അടച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ:

(സി) 2015 ജൂൺ മാസത്തോടുകൂടി കമ്മീഷൻ ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ള പ്രസ്തുത കുടിവെള്ള പദ്ധതി കെ. എസ്. ടി.പി.യുടെ മെല്ലെപ്പോക്ക് കാരണമാണ് തടസ്സപ്പെട്ടിരിക്കുന്നതെന്ന് അറിയാമോ;

(ഇ) റോഡ് കട്ടിംഗിനുള്ള അനുമതി എത്രയും വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>തുറവൂർ-കുമ്പളങ്ങി റോഡിന് മാന്ദ്യവിരുദ്ധപാക്കേജിൽ ഉൾപ്പെടുത്തി തുക</u>

4573 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറവൂർ-കുമ്പളങ്ങി റോഡിന്റെ അറ്റകുറ്റപ്പണികൾക്ക് മാന്ദ്യവിരുദ്ധപാക്കേജിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്; എത്ര രൂപയുടെ പ്രവർത്തിയാണ് കോൺട്രാക്ടർ നടത്തിയിട്ടുള്ളത്; ഇപ്പോൾ എത്ര രൂപയുടെ മൈനർ മെയിന്റനൻസിന് ആണ് ഭരണാനുമതി ലഭിച്ചിരിക്കുന്നത്;

(ബി) മേജർ മെയിന്റനൻസിനു എത്ര രൂപയുടെ എസ്റ്റിമേറ്റ് ആണ് കണക്കാക്കിയിരിക്കുന്നത്; പ്രസ്തുത തുക എന്ന് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പുതിയങ്ങാടി - കുറ്റ്യാടി റോഡ് പരിഷ്ക്കരണ പ്രവൃത്തികൾ</u>

4574 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എച്ച്. 38-ൽ പുതിയങ്ങാടി - കുറ്റ്യാടി റോഡ് പരിഷ്ക്കരണ പ്രവൃത്തികൾക്ക് ആകെ എത്ര തുക അനുവദിച്ചിരുന്നു ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിരുന്നത് ;

(സി) പ്രവർത്തികളുടെ പേരും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റോഡിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

വെള്ളപ്പാറ -വെറ്റിലപ്പാറ പാലം ലിങ്ക് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി

4575 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിലെ വെള്ളപ്പാറയിൽ നിന്നും വെറ്റിലപ്പാറപാലത്തിലേക്കുള്ള ലിങ്ക് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി റോഡ് വനംവകുപ്പിൽ നിന്നും പി.ഡബ്യു.ഡി.യ്ക്ക് വിട്ടുകിട്ടുന്നതിനായി യൂസർ ഏജൻസി എന്ന നിലയിൽ 1980 -ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് സെക്ഷൻ (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ മൂക്കന്നൂരിൽ നിന്നും അതിരപ്പിള്ളിയിലേക്കുള്ള എളുപ്പവഴിയായ വെള്ളപ്പാറ റോഡ് വനം വകുപ്പിൽനിന്നും പി.ഡബ്യൂ.ഡി യ്ക്ക് വിട്ടുകിട്ടുന്നതിനായി യൂസർ ഏജൻസി എന്ന നിലയിൽ അപേക്ഷ സമർപ്പിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കല്പറ്റ മണ്ഡലത്തിൽ കഴിഞ്ഞ വർഷം ഭരണാനുമതി ലഭിച്ച റോഡുകൾ</u>

4576 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്പറ്റ മണ്ഡലത്തിൽ കഴിഞ്ഞ വർഷം ഭരണാനുമതി ലഭിച്ച റോഡുകൾ ഏതെല്ലാമെന്നും അവയുടെ ബഡ്ജറ്റ് വിഹിതം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) കൽപ്പറ്റ മണ്ഡലത്തിൽ ഇനിയും സാങ്കേതികാനുമതി ലഭിക്കാനുള്ള റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡുകൾ എന്നേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പൊതുമരാമത്ത് റോഡുകൾ</u>

4577 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പൊതുമരാമത്ത് റോഡുകൾ ശോചനീയാവസ്ഥയിലാണ് എന്നുളള വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) വാണിയംകുളം-കയിലിയാട് റോഡ്, കോതകുറിശ്ശി-വാണിയംകുളം റോഡ്, ചെർപ്പുളശ്ശേരി-ഒറ്റപ്പാലം റോഡ്, ചെർപ്പുളശ്ശേരി- പട്ടാമ്പി റോഡ് തുടങ്ങിയ റോഡുകളെ വീതി കൂട്ടി റബ്ബറൈസ് ചെയ്യാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) സ്റ്റേറ്റ് ഹൈവേ ആയി അംഗീകരിക്കപ്പെട്ടിട്ടുളള പാലക്കാട്-പെരിന്തൽമണ്ണ റോഡ് നാളിതുവരെ വീതികൂട്ടി റബ്ബറൈസ് ചെയ്തിട്ടില്ലയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വീതി കൂട്ടി റബ്ബറൈസ് ചെയ്യുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ആസ്തിവികസന ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി റാന്നി മണ്ഡലത്തിലെ റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി</u>

4578 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി റാന്നി മണ്ഡലത്തിൽ എത്ര റോഡുകൾ പുനരുദ്ധരിക്കുന്നതിനാണ് പത്തനംതിട്ട ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും)മുഖേന എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) എത്ര റോഡുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ; ഇതിൽ നിർമ്മാണം പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദാംശങ്ങൾസഹിതം വ്യക്തമാക്കാമോ;

(സി) 2013 നവംബറിനു ശേഷം എത്ര പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളാണ് ഭരണാനുമതിക്കായി പത്തനംതിട്ടയിൽ നിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ(സൗത്ത് സർക്കിൾ) വഴി ചീഫ് എഞ്ചിനീയർക്ക് അയച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രവൃത്തികളുടെ പേര്, എസ്റ്റിമേറ്റ് തുക, ഫയൽ നമ്പർ ഓരോ ഓഫീസിൽ നിന്നും മേലാഫീസിലേക്ക് അയച്ച തീയതി എന്നിവസഹിതം വ്യക്തമാക്കാമോ;

(ഡി) ഈ എസ്റ്റിമേറ്റുകൾ ചീഫ് എഞ്ചിനീയറുടെ ആഫീസിൽ എന്നാണ് ലഭിച്ചതെന്നും ഇതിൻമേൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്നും വിശദാംശങ്ങൾ സഹിതം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ട് ചെലവഴിക്കുവാനുണ്ടാകുന്ന കാലതാമസം</u>

4579 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ആസ്തി വികസന ഫണ്ട് ചെലവഴിക്കുവാനുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ വേഗത്തിലാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം</u>

4580 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ബൈപ്പാസിന്റെ ടെണ്ടർ നടപടി സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) ബൈപ്പാസിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>അങ്കമാലി ബൈപാസിന്റെ നിർമ്മാണം</u>

4581 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിലെ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതു സംബന്ധിച്ച്, സാധ്യതാ പഠനം നടത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കിറ്റ്കോ എന്ന കൺസൾറ്റന്റ് സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; പ്രോജക്ട് റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ദേശീയപാതയുടെയും എം.സി. റോഡിന്റെയും സംഗമസ്ഥാനമായ അങ്കമാലിയിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഗണിച്ച് പ്രസ്തുത പദ്ധതി മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>ചാലക്കുടി ആറങ്ങാലിയിലും എടത്തറക്കാവ് കടവിലും പാലം നിർമ്മാണം</u>

4582 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയ്ക്കു കുറുകെ ആറങ്ങാലിയിലും എടത്തറക്കാവ് കടവിലും പാലം നിർമ്മിക്കുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിൽ അപകടാവസ്ഥയിലായ പാലങ്ങൾ</u>

4583 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ കാലപ്പഴക്കം മൂലം അപകടാവസ്ഥയിലായ പാലങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പാലങ്ങൾ പുതുക്കിപ്പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; എത്ര പാലങ്ങളുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>പാറക്കടവ് പാലം നിർമ്മാണം</u>

4584 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പാറക്കടവ് പാലം നിർമ്മാണം പൂർത്തിയായിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുത്തിട്ടും പാലം ഗതാഗത യോഗ്യമാക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>പുഴക്കൽപ്പടി പാലം നിർമ്മിക്കുന്നതിന് സാദ്ധ്യതാപഠനം</u>

4585 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പുഴക്കൽപ്പടി പാലം നിർമ്മിക്കുന്നതിനായി സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും അതിന്റെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ;

(സി) എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്; ടി. എസ്. നൽകിയോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണം</u>

T4586 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ തട്ടാശ്ശേരി പാലം, പടഹാരംപാലം, കോരംകുഴി പാലം, കോതറതോട് പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സോയിൽ ടെസ്റ്റിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ബഡ്ജറ്റിൽ തുക പ്രഖ്യാപിച്ച മുണ്ടയ്ക്കൽ പാലത്തിന്റെ ലാന്റ് അക്വിസിഷന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) മുട്ടേൽ പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ചമ്പക്കുളം പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>നെടുമ്പ്രക്കാട് - വിളക്കുമരം പാലത്തിന്റെ എസ്റ്റിമേറ്റ്</u>

4587 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല-അരൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെടുമ്പ്രക്കാട് - വിളക്കുമരം പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണ്;

(ബി) അപ്രോച്ച് റോഡിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുത്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പാലം നബാർഡിന്റെ സ്കീമിൽ ഉൾപ്പെടുത്തി തുക അനുവദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

കടിയങ്ങാട് പാലം പുനര്‍ നിര്‍മ്മിക്കാന്‍ നടപടി

4588 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എസ്.എച്ച്. 38-ല്‍ കടിയങ്ങാട് പാലം കാലപ്പഴക്കത്താല്‍ ജീര്‍ണ്ണിച്ചത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ പാലം പുന:നിര്‍മ്മിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കടിയങ്ങാട് പാലത്തിന് ബഡ്ജറ്റില്‍ തുക അനുവദിച്ചിച്ചുണ്ടോ ; എങ്കില്‍ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഡി) പാലം നിര്‍മ്മിക്കുന്നതിനുള്ള നടപടികള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങള്‍ നല്‍കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>അരൂര്‍ മണ്ഡലത്തിലെ പാലം നിര്‍മ്മാണം</u>

4589 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അരൂര്‍ മണ്ഡലത്തിലെ അഞ്ചുതുരുത്ത്, കടപ്പുറം, പി.എസ്.ഫെറി, കെല്‍ട്രോണ്‍ ഫെറി-കുമ്പളങ്ങി എന്നീ പാലങ്ങളുടെ ഇന്‍വെസ്റ്റിഗേഷന്‍, സോയില്‍ ടെസ്റ്റ് എന്നിവ പൂര്‍ത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കില്‍ എന്നു പൂര്‍ത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പാലങ്ങളുടെ ഡിസൈനും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും എങ്കില്‍ ആരാണ് ഡിസൈന്‍ തയ്യാറാക്കിയതെന്നും വ്യക്തമാക്കുമോ;

(സി) എത്ര രൂപയാണ് ഓരോ പാലങ്ങളുടെയും എസ്റ്റിമേറ്റ് തുകയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പാലങ്ങളുടെ അപ്രോച്ച് റോഡിന്റെ ലാന്റ് അക്വിസിഷന്‍ നടപടികള്‍ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ഞാറക്കൽ കിഴക്കേ മഞ്ഞനക്കാട് ദ്വീപിനെ പ്രധാന കരയുമായി ബന്ധിപ്പിക്കുന്ന ഫുട്ട്ബ്രിഡ്ജിന്റെ നിർമ്മാണം

4590 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ കിഴക്കേ മഞ്ഞനക്കാട് ദ്വീപിനെ പ്രധാന കരയുമായി ബന്ധിപ്പിക്കുന്ന ഫുട്ട് ബ്രിഡ്ജിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി നൽകിയതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>റെയില്‍വെ മേല്‍പ്പാലങ്ങളുടെ നിര്‍മ്മാണം</u>

4591 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സാമ്പത്തികവര്‍ഷത്തില്‍ റെയില്‍വേ മേല്‍പ്പാലങ്ങളുടെ നിര്‍മ്മാണത്തിനായി എത്രകോടി രൂപ വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുക ഏത് ഏജന്‍സിക്കാണ് നല്‍കിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ തുക കൊണ്ട് ആര്‍.ബി.ഡി.സി.കെ ഏതൊക്കെ ആര്‍.ഒ.ബി കളാണ് ചെയ്തിട്ടുള്ളതെന്ന് വിശദാംശങ്ങള്‍ സഹിതം അറിയിക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>താവം റെയിൽപ്പാലം</u>

4592 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിലാത്തറ - പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പഴയങ്ങാടി താവം റെയിൽവെ ഗേറ്റിന് മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര റെയിൽവെ മന്ത്രാലയത്തിന്റെ അനുമതി വൈകുന്നതിനുള്ള കാരണം അറിയാമോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര റെയിൽവെ മന്ത്രാലയത്തിന്റെ അനുമതി എത്രയും വേഗം ലഭിക്കുന്നതിനാവശ്യമായ നടപടി പൊതുമരാമത്ത് വകപ്പ് സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട്, കൂളിമാട് പാലത്തിന്റെ നിർമ്മാണം</u>

4593 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൂളിമാട് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവരെയായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പാലത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്ഥലമെടുപ്പ് പൂർത്തിയായ സാഹചര്യത്തിൽ പാലത്തിന്റെ പ്രവൃത്തികൾ ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>പാറക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം</u>

4594 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പാറക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണി തുടങ്ങിയോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇത് പൂർത്തീകരിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രോച്ച് റോഡിന്റെ പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

മാട്ടൂൽ -മടക്കര പാലത്തിന് സമീപത്തെ പുഴയിലെ മണൽകൂന

4595 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ - മടക്കര പാലം പണിയുന്നതിന്റെ ഭാഗമായി പുഴയിൽ നിറച്ച മണ്ണ് നീക്കം ചെയ്യാത്തതിനാൽ ബോട്ട് സർവ്വീസ് നടത്താൻ കഴിയാത്തതും മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുഴയുടെ സുഗമമായ ഒഴുക്കിന് തടസ്സമായ മൺകൂനകൾ നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കോവിലകം താഴെ പാലത്തിന്റെ പ്രവൃത്തി</u>

4596 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കോവിലകം താഴെ പാലത്തിന്റെ പ്രവൃത്തി പൂർത്തിയാക്കും മുമ്പ് ബന്ധപ്പെട്ട കരാറുകാരനെ ഒഴിവാക്കുന്നതിനു ശുപാർശകൾ ലഭിച്ചിട്ടുണ്ടോ;

(ബി) കരാറുകാരനെ ഒഴിവാക്കുന്നതിനു മുമ്പ് പാലത്തിന്റെ തുടർ പ്രവൃത്തികൾ എങ്ങിനെ നടത്തണമെന്ന് ധാരണ ഉണ്ടാക്കിയിട്ടുണ്ടോ;

(സി) അപ്രോച്ച് റോഡിന് ഏതെല്ലാം സർവ്വെ നമ്പരിൽ ഉൾപ്പെട്ട എത്ര മാത്രം ഭൂമി ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിവരങ്ങൾ സർവ്വെ സ്കെച്ച് സഹിതം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ചേലക്കര നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ പ്രവൃത്തി

4597 ശ്രീ.കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ പൊതുമരാമത്തിനു കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടന്നു വരുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവ ഓരോന്നും എപ്പോഴാണ് നിർമ്മാണം ആരംഭിച്ചതെന്നും അടങ്കൽ തുക എത്രയാണെന്നും അവയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) ഇവയിലേതെങ്കിലും പ്രവൃത്തി കരാറുകാരൻ നിറുത്തി വെച്ച് പോയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങളെന്താണെന്നും അത് പുനരാരംഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടും ടെന്റർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ഇ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താൽ പഠനം ശരിയായി നടക്കാത്ത സാഹചര്യത്തിൽ എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ</u>

4598 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ തവനൂർ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും പി.ഡബ്ല്യു.ഡി കെട്ടിട വിഭാഗം മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(സി) എന്നത്തേയ്ക്ക് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

എൽ. എ. സി – എ. ഡി. എസ്. സ്കീമിൽ ഉൾപ്പെട്ട പ്രവൃത്തികൾ

4599 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ. എ. സി–എ. ഡി. എസ് –ൽ ചെയ്യുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ പൊതുമരാമത്ത് വകുപ്പിന്റെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയത് കാരണം കരാറുകാർ പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പ്രസ്തുത സ്കീമിൽ ഉൾപ്പെട്ട കെട്ടിട നിർമ്മാണ പ്രവൃത്തികളെ ബാധിച്ചിരിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എൽ. എ. സി – എ. ഡി. എസ്. പ്രവൃത്തികളിന്മേലുള്ള ബില്ലുകൾ പ്രത്യേകമായി പരിഗണിക്കുവാൻ നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഗ്യാരണ്ടി പീരിയഡ്</u>

4600 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാത്ത് വകുപ്പുമുഖേന നടത്തുന്ന പ്രവൃത്തികൾക്ക് ഗ്യാരണ്ടി പീരിയഡ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികൾക്കാണ് ഗ്യാരണ്ടി പീരിയഡ് ഏർപ്പെടുത്തിയിരിക്കുന്നത്;

(സി) ഗ്യാരണ്ടി പീരിയഡ് ഏർപ്പെടുത്തിയ മലപ്പുറം ജില്ലയിലെ പ്രവൃത്തികളും അവയുടെ ഗ്യാരണ്ടി പീരിയഡ് എത്രയാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കുന്നംകുളം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

4601 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ചുമതല ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെ; വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തു തീർക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>തലശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ്</u>
<u>ഭരണാനുമതി നൽകിയ പ്രവൃത്തികൾ</u>

4602 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തലശ്ശേരി മണ്ഡലത്തിൽ എത്ര പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി നൽകിയ ഓരോ പ്രവൃത്തികളുടെയും നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഓരോ പ്രവൃത്തിക്കും ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ</u>

4603 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് കെട്ടിട-നിരത്ത് വിഭാഗങ്ങൾ 2011-2012, 2012-13, 2013-14 കാലയളവുകളിൽ അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പൊതുമരാമത്ത് കെട്ടിട-നിരത്തു വിഭാഗങ്ങൾ 2013-14, 2014-15 വർഷം സമർപ്പിച്ചിട്ടുള്ള പ്രവൃത്തി നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

4604 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടും എഗ്രിമെന്റ് വയ്ക്കാത്തതും എഗ്രിമെന്റ് വെച്ചിട്ട് നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തിയാക്കാത്തതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ടെണ്ടർ എടുത്തിട്ട് എഗ്രിമെന്റ് വയ്ക്കാത്തതും എഗ്രിമെന്റ് വെച്ചിട്ട് നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തിയാക്കാത്തതുമായ കരാറുകാർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ആറ്റിങ്ങൽ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

4605 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്ത് എൽ.എ.സി-എ.ഡി.എസ്. ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായ പ്രവൃത്തികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് റോഡ്, കെട്ടിടം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

എറണാകുളം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഒഴിവുകൾ

4606 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും എൽ.ഡി. ക്ലാർക്കുമാരുടെയും എൽ.ഡി. ടൈപ്പിസ്റ്റുമാരുടെയും ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) നിലവിൽ ഏതെങ്കിലും ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) 2014 ആഗസ്റ്റ് 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ടെന്നും ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>തിരുവനന്തപുരം മോണോ റെയിൽ പദ്ധതി</u>

4607 ശ്രീ.എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മോണോ റെയിൽ പദ്ധതി എവിടം മുതൽ എവിടം വരെയാണ് നടപ്പിലാക്കുന്നത്;

(ബി) എത്ര സ്റ്റേഷനുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പദ്ധതിക്കായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കുറ്റാലം കൊട്ടാരത്തിന്റെ പുനരുദ്ധാരണം</u>

4608

ശ്രീ. കെ. സുരേഷ് കുറുപ്പ്
,, എസ്. രാജേന്ദ്രൻ
,, ബി. ഡി. ദേവസ്സി
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ കുറ്റാലം കൊട്ടാരവും ഭൂമിയും പൊതുമരാമത്ത് വകുപ്പിന്റെ സംരക്ഷണയിലാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പുനരുദ്ധാരണത്തിനായി പദ്ധതി തയ്യാറാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവർത്തനങ്ങൾക്ക് സ്വകാര്യപങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) രാജ്യത്തെ പ്രമുഖ ടൂറിസം കേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന സംസ്ഥാനത്തിന്റെ സ്വത്ത് സ്വകാര്യവല്ക്കരിക്കുകയാണെന്ന പരാതിയുണ്ടാകുവാൻ സാധ്യതയുള്ളതിനാൽ പ്രസ്തുത നീക്കത്തിൽ നിന്നും പിന്തിരിയുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം</u>

4609 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മിനി സിവിൽസ്റ്റേഷൻ നിർമ്മാണ പ്രവൃത്തി നിലച്ചിരിക്കുകയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണ പ്രവൃത്തി അടിയന്തരമായി പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് നഗരസഭയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം</u>

4610 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നഗരസഭയിൽ നിർമ്മിക്കുന്ന മിനി സിവിൽ സ്റ്റേഷൻ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സിവിൽ സ്റ്റേഷൻ നിർമ്മാണം എന്ന് പൂർത്തിയാകുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് പുതിയ ഗസ്റ്റ് ഹൗസുകൾ</u>

4611 ശ്രീ. എം ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഗവ.ഗസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്നറയിക്കാമോ;

(സി) മഞ്ചേരിയിലെ ടി.ബി. നിർമ്മാണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

നേമം നിയോജകമണ്ഡലത്തിൽ ബസ് ഷെൽട്ടറുകൾ

4612 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് ബസ് ഷെൽട്ടറുകൾ നിർമ്മിക്കാൻ ജില്ലാ കളക്ടർ പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അവ എത്രയെന്നും, എന്നാണ് ഭരണാനുമതി നൽകിയതെന്നും, അവയിൽ എത്രയെണ്ണം പൂർത്തിയായി എന്നും, പൂർത്തിയായിട്ടില്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്നും, ആയത് എന്നത്തേക്ക് പൂർത്തിയാകും എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ചേർത്തല മനോരമ ജംഗ്ഷന്റെ വികസനത്തിന് നടപടി

4613 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 335 ലക്ഷം രൂപ അനുവദിച്ച് സർക്കാർ ഭരണാനുമതി നൽകിയ ചേർത്തല മനോരമ ജംഗ്ഷൻ വികസനത്തിന്റെ പുരോഗതി വിശദമാക്കുമോ ; ഈ പ്രവൃത്തിക്ക് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മനോരമ ജംഗ്ഷന്റെ വികസനത്തിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതിന് ചേർത്തലയിൽ വിളിച്ചുചേർത്ത യോഗത്തിൽ ആലപ്പുഴ ജില്ലാ കളക്ടർ കച്ചവടക്കാരെ മുഴുവനും പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമെന്നും അതിനുവേണ്ടി സ്ഥലം കണ്ടെത്തി പ്രോജക്ട് സമർപ്പിക്കുമെന്നും പ്രഖ്യാപിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള പുനരധിവാസ പാക്കേജ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ നടപടി ഏതുവരെയായി എന്നു പറയാമോ;

(സി) മനോരമ ജംഗ്ഷന്റെ വികസനം അകാരണമായി വൈകിപ്പിക്കുന്നതിന് ഏതെങ്കിലും ഇടപെടൽ ഉണ്ടായിട്ടുണ്ടോ എന്നു പറയാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>മണ്ണുത്തി – ഇടപ്പള്ളി ദേശീയ പാതയിലെ ടോൾ നിരക്ക്</u>

4614 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച് 47 മണ്ണൂത്തി – ഇടപ്പള്ളി ദേശീയ പാതയിലെ ടോൾ നിരക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇനിയും ടോൾ നിരക്ക് വർദ്ധിപ്പിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>എറണാകുളം ജില്ലാ കളക്ടർക്ക് വസതി</u>

4615 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ കളക്ടർക്കുവേണ്ടിയുള്ള വസതി കാക്കനാട് നിർമ്മിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ ഇതിന്റെ നിർമ്മാണത്തിനായി നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 17.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.